"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീമതി.ദേവിക.പിയ്ക്ക് ശൂന്യവേതനാവധി അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.168/2022/F&WLD തീയതി, തിരുവനന്തപുരം, 22-04-2022.

---

പരാമർശം:- ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 19.01.2022 ലെ ഇ7-3350/2021 നമ്പർ കത്ത്.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീമതി. ദേവിക.പിയ്ക്ക് 18.07.2020 മുതൽ 14.01.2021 വരെയുള്ള 181 ദിവസം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധി അനുവദിക്കുന്നതിന് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശം (1) പ്രകാരം ശുപാർശ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീമതി. ദേവിക.പി.യ്ക്ക് 18.07.2020 മുതൽ 30.09.2020 വരെ ടി കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ, കെ. എസ്. ആർ. ഭാഗം ഒന്ന്, ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലും, 14/06/1994-ലെ സർക്കുലർ നം. 36/94/ധന പ്രകാരം രണ്ടാം വൈദ്യപരിശോധനയ്ക്കുള്ള അവസരം നഷ്ടപ്പെട്ടതിനാൽ 01.10.2020 മുതൽ 14.01.2021 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിത അവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയും, കെ.എസ്.ആർ. ഭാഗം ഒന്ന്, ചട്ടം 88 (ii) ൽ ഇളവ് വരുത്തി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം. (സേവനപുസ്തകം സഹിതം).
ശ്രീമതി. ദേവിക.പി, ബീറ്റ് ഫോറസ്റ്റ് ഓഫീസർ.(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.( 08.04.2022 ലെ 1991656/അഗ്രി-എ1/25/2022/ധന പ്രകാരം).
വെബ് & ന്യൂ മീഡിയ.

സ.ഉ.(സാധാ) നം.168/2022/F&WLD

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Noushad S**

**Date: 23-04-2022 10:27:51**

സെക്ഷൻ ഓഫീസർ.